KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**18 07 09**

# ജയിലുകളിൽ ജ്യോതിസ് കേന്ദ്രങ്ങൾ; എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ ആറു ജില്ലകളിലെ 21 ജയിലുകളിൽ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും എച്ച്ഐവി പരിശോധനയ്ക്കും കൗൺസലിംഗിനുമായി ഓരോ ജ്യോതിസ് കേന്ദ്രം വീതം ആരംഭിച്ചു കൊണ്ടാണ് ഈ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ജ്യോതിസ് കേന്ദ്രങ്ങൾ നിലവിൽ വന്നത്. പാലക്കാട് ജില്ലയിൽ ജ്യോതിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ജ്യോതിസ് കേന്ദ്രങ്ങളിലൂടെ എച്ച്ഐവി പരിശോധനയും കൗൺസലിംഗും നടത്തുന്നതു കൂടാതെ ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

ഓരോ ജ്യോതിസ് കേന്ദ്രത്തിലും ഒരു കൗൺസലറെയും ഒരു ലാബ് ടെക്നീഷ്യനെയും നിയമിച്ചിട്ടുണ്ട്. ജയിലുകളിലെ സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ എന്നിവരുടെ സഹായത്തോടെയാണ് ഇവർ എച്ച്ഐവി പ്രതിരോധ പ്രവർത്തനങ്ങളും പരിശോധനയും മറ്റും നടത്തുന്നത്. ഇതുകൂടാതെ അന്തേവാസികൾക്കിടയിൽ എച്ച്ഐവിയേക്കുറിച്ച് ശരിയായ അവബോധം സൃഷ്ടിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

ജയിലുകളിലെത്തുന്ന മുഴുവൻ സ്ത്രീ, പുരുഷ തടവുകാരെയും എച്ച്ഐവി പരിശോധന നടത്താൻ പ്രേരിപ്പിക്കുകയും എച്ച്ഐവി സംബന്ധമായ ബോധവത്കരണം നടത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. സ്വവർഗരതി ഉൾപ്പെടെ സുരക്ഷിതമല്ലാത്ത ലൈംഗികതയ്ക്കു കൂടുതൽ സാധ്യതയുള്ള സ്ഥലങ്ങളായാണ് ജയിലുകൾ കണക്കാക്കപ്പെടുന്നത്. ഇതുവഴി ലൈംഗിക രോഗങ്ങളും എച്ച്ഐവി അണുബാധയും പിടിപെടുന്നതിനുള്ള സാധ്യത ഏറെയാണ്. ഈ സാഹചര്യത്തിലാണ് ജയിലുകളിൽ എച്ച്ഐവി ബോധവത്കരണം നടത്തുന്നതിനും പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള സംവിധാനത്തിന് സംസ്ഥാന ജയിൽവകുപ്പും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും തുടക്കം കുറിച്ചത്.

കൗൺസലർമാരുടെ സേവനം ലഭ്യമാക്കുന്നതു കൂടാതെ ഓരോ ജയിലിലെയും അന്തേവാസികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുന്നുണ്ട്. ഈ വോളണ്ടിയർമാർ വഴി അന്തേവാസികളുടെ ഇടയിൽ ബോധവത്കരണ, നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും കൗൺസലിംഗിനുള്ള സാഹചര്യമൊരുക്കുകയും ചെയ്യുന്നതിനുള്ള സംവിധാനമാണ് നടപ്പിലാക്കുന്നത്.

സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് കറക്ഷനൽ അഡ്മിനിസ്ട്രേഷൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ജയിലുകളിലെ വിവിധ തട്ടുകളിലുള്ള ജീവനക്കാർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. എച്ച്ഐവി പ്രതിരോധ പ്രവർത്തനങ്ങൾ ജയിലുകളിൽ നടത്തുന്നതിനേക്കുറിച്ചും എച്ച്ഐവി അണുബാധിതരായ തടവുകാരോട് പെരുമാറുന്നതിനേക്കുറിച്ചും പരിശീലനം നൽകുന്നതിനായിരുന്നു ഇത്. ഈ മാസം 22ന് തിരുവനന്തപുരത്തു ചേരുന്ന ജയിൽ സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ, കൗൺസലർമാർ, ലാബ് ടെക്നീഷ്യന്മാർ എന്നിവരുടെ യോഗത്തിൽ ജയിലുകളിലെ എച്ച്ഐവി പ്രവർത്തനങ്ങളുടെ പ്രാഥമിക വിലയിരുത്തലും തുടർനടപടികൾ സംബന്ധിച്ച തീരുമാനങ്ങളും കൈക്കൊള്ളും.

തിരുവനന്തപുരത്ത് സെൻട്രൽ ജയിൽ പരിധിയിൽ ജില്ലാ ജയിൽ, തുറന്ന ജയിൽ, ആറ്റിങ്ങൽ സബ് ജയിൽ , നെയ്യാറ്റിൻകര വനിതാ ജയിൽ , കൊല്ലത്ത് കൊല്ലം ജില്ലാ ജയിൽ പരിധിയിൽ കൊട്ടാരക്കര സബ് ജയിൽ , എറണാകുളം സബ് ജയിൽ പരിധിയിൽ മട്ടാഞ്ചേരി സബ് ജയിൽ, ആലുവസബ് ജയിൽ, മൂവാറ്റുപുഴ സബ്ജയിൽ, തൃശൂരിൽ വിയ്യൂർ സെൻട്രൽ ജയിൽ പരിധിയിൽ ഇരിങ്ങാലക്കുട സബ് ജയിൽ, കോഴിക്കോട്ട് ജില്ലാ ജയിൽ പരിധിയിൽ കൊയിലാണ്ടി സബ് ജയിൽ, വടകര സബ് ജയിൽ, കോഴിക്കോട് സ്പെഷൽ സബ് ജയിൽ എന്നിവയും കണ്ണൂരിൽ സെൻട്രൽ ജയിൽ പരിധിയിൽ, കണ്ണൂർ സബ് ജയിൽ, തലശേരി സ്പെഷൽ സബ് ജയിൽ, കണ്ണൂർ സ്പെഷൽ സബ്ജയിൽ എന്നിവിടങ്ങളിലാണ് പുതിയ സേവനം ലഭ്യമാക്കുന്നത്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**